**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11** **22-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസനത്തിനായുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി ശാന്തകുമാരി കെ.** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വിജയകരമായ ആശയങ്ങളെ സംരംഭകത്വത്തിലെത്തിക്കാൻ വേണ്ട സാമ്പത്തിക പാക്കേജുകൾ ഒരുക്കുന്നതിന് വെഞ്ച്വർ കാപിറ്റൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇല്ല. |
| (ബി) | സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വഴി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സാമ്പത്തിക സഹായങ്ങൾ നൽകിയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും വ്യവസായ രംഗത്തെ പ്രോത്സാഹിപ്പിക്കുകയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ലക്ഷ്യം. ചെറുകിട-ഇടത്തരം-വൻകിട വ്യവസായങ്ങൾക്കു വേണ്ടി കുറഞ്ഞ പലിശ നിരക്കിൽ (8.75% - 10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി ധനസഹായം ചെയ്തു വരുന്നു. കേരളത്തിൽ നിക്ഷേപകരെ ആകർഷിക്കാൻ സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാരിന്റെ പദ്ധതിയ്ക്കനുസരിച്ച് ആകർഷകമായ വായ്പകൾ നൽകി വരുന്നുണ്ട്. ഒരു വ്യവസായ സംരംഭത്തിന് ആവശ്യമായ എല്ലാ അനുമതികളും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടി കെ-സിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലകം സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ സർക്കാരിന്റെ നോഡൽ ഏജൻസിയായും കെ.എസ്.ഐ.ഡി.സി പ്രവർത്തി ക്കുന്നു. സ്റ്റാർട്ട്-അപ്പ് ആവാസ വ്യവസ്ഥയുടെ ഭാഗമായി അത്തരം സംരംഭകരെ സഹായിക്കുന്നതിനു വേണ്ടി വായ്പനയമാറ്റം വരുത്തി സ്റ്റാർട്ട്-അപ്പ് ഫണ്ട്(സീഡ്ഫണ്ട്) നൽകി തുടങ്ങിയിട്ടുണ്ട്. വനിത സംരംഭകരെ പ്രോത്സാഹിപ്പിക്ക ന്നതിനു വേണ്ടി വി-മിഷൻ എന്ന പദ്ധതിയിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | യുവ സംരംഭകരുടെ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; | (സി) | ഉണ്ട്. യുവ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി താഴെപ്പറ്റയുന്ന പദ്ധതികൾ നിലവിലുണ്ട്. സംരംഭക സഹായ പദ്ധതി നാനോ ഗാർഹിക സംരംഭക പലിശ സബ്സിഡി പദ്ധതി ചെറുകിട സംരംഭകർക്കുള്ള മാർജിൻ മണി ഗ്രാന്റ് |
| (ഡി) | കോവിഡ്-19 കാരണം സാമ്പത്തിക പ്രതിസന്ധിയിലായ വ്യവസായങ്ങളെ സംരക്ഷിക്കാൻ പ്രത്യേക സാമ്പത്തിക സഹായ പദ്ധതികളോ വായ്പാ പദ്ധതികളോ ഉണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | കോവിഡ്-19 മഹാമാരി കാരണം ഏർപ്പെടുത്തേണ്ടിവന്ന ലോക്ക് ഡൗൺ നിമിത്തം പ്രതിസന്ധിയി ലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ സംരംക്ഷി ക്കാൻ സർക്കാർ വ്യവസായ ഭദ്രതാ എന്ന പേരിൽ ഒരു പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ